# പതിമൂന്നാം കേരളനിയമസഭ
## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.768** **20/03/2013 ൽ മറുപടിക്ക്**

**കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ കാരുണ്യ ഫാർമസി**

**ചോദ്യം**
**ശ്രീമതി പി. അയിഷാ പോറ്റി**

**മറുപടി**
**ശ്രീ. വി. എസ്. ശിവകുമാർ**
**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)**

---

| | | | |
|---|---|---|---|
| (എ) | കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ കാരുണ്യ ഫാർമസി അനുവദിച്ചിട്ടുണ്ടോ; ഇല്ലായെങ്കിൽ കാരുണ്യ ഫാർമസി അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | ഉണ്ട്. ആദ്യഘട്ടത്തിൽ കൊല്ലം ജില്ലയിലെ വിക്ടോറിയ ആശുപത്രിയിലും കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിലുമാണ് കാരുണ്യ ഫാർമസി ആരംഭിക്കുന്നത്. അടുത്ത ഘട്ടത്തിൽ കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ ആരംഭിക്കുന്നതാണ്. |
| (ബി) | കൊല്ലം ജില്ലയിൽ കാരുണ്യ ഫാർമസി അനുവദിച്ചിട്ടുള്ള സർക്കാർ ആശുപത്രികൾ ഏതെല്ലാമാണ്; | (ബി) | 1. വിക്ടോറിയ ആശുപത്രി<br>2. കരുനാഗപ്പള്ളി താലൂക്ക് ആശുപത്രി<br>3. കൊട്ടാരക്കര താലൂക്ക് ആശുപത്രി |
| (സി) | കാരുണ്യ ഫാർമസി മുഖാന്തിരം ഏർപ്പെടുത്തുന്ന സേവനങ്ങളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (സി) | കാരുണ്യാ ഫാർമസി മുഖേന ജീവൻ രക്ഷാ മരുന്നുകളും ഉപകരണങ്ങളും 93 ശതമാനം വരെ വിലക്കുറവിൽ എല്ലാ വിഭാഗം ജനങ്ങൾക്കും നൽകുന്നു. കൂടാതെ സ്ഥിരമായി മരുന്നു വാങ്ങുന്നവർക്കായി കാരുണ്യ ഫാമിലി മെഡിസിൻ കാർഡ്, കാരുണ്യ ലോയൽറ്റി ഡിസ്കൗണ്ട് കാർഡ് എന്നീ രണ്ടു പദ്ധതികൾ പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഫാർമസിയിൽ 2012 നവംബർ 1 മുതൽ ഏർപ്പെടുത്തി വിജയകരമായതിനാൽ ഉടൻ തന്നെ മറ്റു കാരുണ്യ ഫാർമസിയിലേക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>**കാരുണ്യ ഫാമിലി മെഡിസിൻ കാർഡ്**<br><br>അംഗങ്ങൾക്ക് സ്ഥിരമായി ഉപയോഗിക്കുന്ന മരുന്നുകൾ (ഫ്രിഡ്ജിൽ സൂക്ഷിക്കുന്ന മരുന്നുകൾ ഉൾപ്പെടെ) പ്രത്യേകം പായ്ക്കറ്റ് ചെയ്ത് കൊറിയർ വഴി വീടുകളിൽ എത്തിച്ചുകൊടുക്കുന്നു. പ്രസ്തുത കാർഡ് |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കുവാനായി 2500 രൂപ ആദ്യം നിക്ഷേപിക്കേണ്ടതാണ്. കൊറിയർ ചാർജ്ജും അയയ്ക്കുന്ന മരുന്നുകളുടെ വിലയും പ്രസ്തുത തുകയിൽ നിന്നും കുറവു ചെയ്യുന്നതായിരിക്കും. 2 ശതമാനം അധിക കിഴിവ് (1% ക്യാഷ് ഡിസ്കൗണ്ടും 1% ബോണസ് പോയിന്റും) ഇപ്രകാരം വാങ്ങുന്ന മരുന്നുകൾക്ക് ലഭിക്കുന്നതാണ്.<br><br>**കാരുണ്യ ലോയൽറ്റി ഡിസ്കൗണ്ട് കാർഡ്**<br><br>അംഗങ്ങൾക്ക് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി വഴി 2 ശതമാനം അധികി കിഴിവിൽ (1% ക്യാഷ് ഡിസ്കൗണ്ടും 1% ബോണസ് പോയിന്റും) മരുന്നുകൾ കൗണ്ടറിലെത്തി വാങ്ങാവുന്നതാണ്. പ്രസ്തുത കാർഡ് ലഭിക്കുന്നതിനായി 50 രൂപ നൽകേണ്ടതാണ്. 5000 രൂപയ്ക്ക് കാരുണ്യ ഫാർമസിയിൽ നിന്നും മരുന്ന വാങ്ങുന്നവർക്ക് സൗജന്യമായി പ്രസ്തുത കാർഡ് നൽകുന്നതാണ്. ഈ രണ്ടു കാർഡുകളിലെയും ബോണസ് പോയിന്റ് 250 ആകുമ്പോൾ അടുത്ത ബില്ലിൽ 200 രൂപ കുറവ് ചെയ്യുന്നതായിരിക്കും. |

സെക്ഷൻ ഓഫീസർ